സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സബ്ഗ്രൂപ്പുകളിൽ ഔദ്യോഗിക ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്ന സംഗതി - അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്ത സബ്ഗ്രൂപ്പുകൾ 2017 മാർച്ച് 31 ന് മുൻപായി അക്കൗണ്ട് തുടങ്ങുന്നതിനും അതുവരെ നിലവിലെ സ്ഥിതി തുടരുന്നതിന് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ. 14069/16/എൻ.എസ്. നന്തൻകോട് , 02 /03/2017.

---

പരാമർശം : 1. ഈ ആഫീസിലെ 27.01.2017- ലെ മേൽ നമ്പർ ഉത്തരവ്.

2. അംഗീകൃത സർവ്വീസ് സംഘടനയുടെ 01.03.17-ലെ കത്ത്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എല്ലാ സബ്ഗ്രൂപ്പുകൾക്കും തൊട്ടടുത്തുള്ള നാഷണലൈസ്ഡ്സ്/ഷെഡ്യൂൾഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുവദിച്ചും ഫെബ്രുവരി 10-ാം തീയതിയ്ക്കകം ഇതിലേയ്ക്കുള്ള നടപടി പൂർത്തിയാക്കുന്നതിന് നിർദ്ദേശിച്ചും പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചു.

തുടർന്ന് അക്കൗണ്ട് തുടങ്ങാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ജീവനക്കാരുടെ ശമ്പളം, സപ്ലെയർ ചെക്ക് തുടങ്ങിയവ മാറ്റുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ബാങ്കിൽ നിന്നും അക്കൗണ്ട് തുടങ്ങുന്നതുവരെ നിലവിലെ സ്ഥിതി തുടരാൻ ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് പരാമർശം (2) കത്ത് ലഭിച്ചു.

ആയത് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്ത് പരാമർശം (1) ഉത്തരവനുസരിച്ചുള്ള നടപടി 2017 മാർച്ച് 31 ന് മുൻപായി പൂർത്തിയാക്കുന്നതിനും അതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്ത സബ്ഗ്രൂപ്പുകളിൽ പേയ്മെന്റിലേയ്ക്ക് നിലവിലെ സ്ഥിതി തുടരുന്നതിന് അനുവദിച്ചും ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

2/3/17

**സെക്രട്ടറി**

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ.

2) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ

(മറുപുറം)

3) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
6) ഇ.ഡി.പി സെക്ഷൻ
7) സെക്ഷൻ ഫയൽ
8) ഫയൽ ബുക്ക്
9) ആഫീസ് കോപ്പി